കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)382/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 15.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-6 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-2, 3-3, 3-6, 3-8 എന്നീ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി4)382/2019 തിയ്യതി: 15.03.2019

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.10.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.17 മുതൽ 31.03.18 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ

നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2019 മുതൽ 31.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്.<br>ഓഡിറ്റ്ഓഫീസർ.(ഹ.ഗ്രേ)<br>കെ.എം.ഷാജിത.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽകുമാർ.കെ.സി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ജോണി മണിച്ചിറ | 01.04.2017 മുതൽ<br>07.06.2017 വരെ |
| | ആരിഫ. കെ.യു | 80.06.2017 മുതൽ<br>26.06.2017 വരെ |
| | പി.എം. അമീർ | 27.06.2017 മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.ദുർഗ്ഗാദേവി.കെ | 01.04.2017മുതൽ<br>05.06.2017 വരെ |
| | ശ്രീ.പി.എൻ.മനോജ് (ഇൻ-ചാർജ്ജ്) | 06.06.2017മുതൽ<br>23.06.2017 വരെ |
| | ശ്രീ.സത്യൻ.ടി | 24.06.2017മുതൽ<br>31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ്.പി.എൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | വൃന്ദ .കെ | 01.04.2017 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2018 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ധന്യ.കെ | 01.04.2017 മുതൽ 29.08.2017 വരെ |
| | | ഡോ.അജയ് | 30.08.2017 മുതൽ 13.09.2017 വരെ |
| | | ഡോ.മഞ്ജു | 14.09.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | | ഡോ.സുനിൽകുമാർ.സി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | | ഡോ.മനോജ് .കെ.തോമസ് | 01.04.2017 മുതൽ 02.08.2017 വരെ |
| | | ഡോ.ഷീജ മേനോൻ | 03.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | | ഡോ.മുരളീധരൻ | 01.04.2017 മുതൽ 02.05.2017 വരെ |
| | | ഡോ.ജയമ്മ ജോസഫ് | 03.05.2017 മുതൽ 29.05.2017 വരെ |
| | | ഡോ.മുരളീധരൻ | 30.05.2017 മുതൽ 08.03.2018 വരെ |
| | | ഡോ.സ്റ്റീഫൻ ജോസ് | 09.03.2018 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | പൈങ്കുളം സർക്കിൾ | വി.എം.പ്രവീൺ | 01.04.2017 മുതൽ 26.07.2017 വരെ |
| | | ഹുസൈൻ.വി.എം | 27.07.2017 മുതൽ 20.11.2017 വരെ |
| | | പ്രീത | 21.11.2017 മുതൽ 31.03.2018 വരെ |
| | കിള്ളി മംഗലം സർക്കിൾ | റാണി.വി.ജോർജ്ജ് | 01.04.2017 മുതൽ 25.07.2017 വരെ |
| | | പ്രീത | 26.07.2017 മുതൽ 20.12.2017 വരെ |
| | | സജിത് തോമസ് | 21.12.2017 മുതൽ 31.03.2018 വരെ |
| ഐ.സിഡിഎസ്.സൂപ്പർവൈസർ | | ശ്രീമതി.ആനി.എൽ.ആർ | 01.04.2017 മുതൽ 18.05.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.റോസ് മോൾ | 19.05.2017 മുതൽ 28.06.2017 വരെ |
| | ശ്രീമതി.ആനി.എൽ.ആർ | 28.06.2017 മുതൽ 26.08.2017 വരെ |
| | ശ്രീമതി.റോസ് മോൾ | 26.08.2017മുതൽ 11.09.2017 വരെ |
| | ശ്രീമതി.സൗമ്യ.ടി.പി | 11.09.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് | ശ്രീമതി.സുബൈദ.എം.എസ് | 01.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ്എൻജിനിയർ | സിബി..എ.പി | 01.04.2017 മുതൽ 08.11.2017 വരെ |
| | അജയകുമാർ.പി.കെ | 09.11.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുരേഷ് കുമാർ.എ | 01.04.2017 മുതൽ 22.11.2017 വരെ |
| | ശ്രീ.മഹേഷ്.വി.സി | 23.11.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1. |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് | 2-1 |
| 14 | ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 2-4 |
| 17 | വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ | 2-5 |
| 18 | സാംഖ്യ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ | 2-6 |

| | | |
|---|---|---|
| 19 | പഞ്ചായത്തിന് ലഭിക്കാനുള്ള ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല | 2-7 |
| | ഭാഗം 3 | |
| 20 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ -പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-1 |
| 21 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്-തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല | 3-2 |
| 22 | പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹങ്ങൾക്ക് 2017-18 ലെ ധനസഹായം അനുവദിച്ചു. | 3-3 |
| 23 | സമഗ്രക്ഷീരവികസനം-പാലിന് സബ്സിഡി - സബ്സിഡി പരിധി അധികരിച്ച് തുക അനുവദിച്ചത് തിരികെ ഈടാക്കി | 3-4 |
| 24 | സമഗ്രക്ഷീരവികസനം-പാലിന് സബ്സിഡി -രേഖകൾ സൂക്ഷിക്കുന്നതിൽ കൃത്യതയില്ല | 3-5 |
| 25 | ആശ്രയ-ഭവനനിർമ്മാണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി -കൈമാറിയ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല | 3-6 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്താക്കൾ നാളിതു വരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല | 3-7 |
| 27 | തെരുവു വിളക്ക് പരിപാലനം- കെ.എസ്.ഇ.ബിയുടെ അനുമതിയില്ലാതെ പ്രവൃത്തികൾ നടപ്പാക്കുന്നു | 3-8 |
| 28 | തെരുവു വിളക്ക് വാങ്ങൽ- സി.എഫ്.എൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-9 |
| 29 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം -അപാകതകൾ | 3-10 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-സ്പെസിഫിക്കേഷൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല | 3-11 |
| 31 | പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-12 |
| 32 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല | 3-13 |
| 33 | കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു | 3-14 |
| 34 | പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3-15 |

| | | |
|---|---|---|
| | തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | |
| 35 | ആസൂത്രണസമിതി പ്രവർത്തനത്തിലെ പോരായ്മകൾ | 3-16 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 46 | അനുബന്ധം 1 - ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 47 | അനുബന്ധം 2 – ഓഡിറ്റ് സംക്ഷിപ്തം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 11,63,20,350/- രൂപയും ചെലവ് 11,70,35,000/- രൂപയും ആയിരുന്നു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 31.03.2018 തീയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31.07.2018 | 25.05.2018 | --- | 26.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 & 19.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(61)/12.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43,70,262 |
| വരവ് | 6,31,00,621 |
| ആകെ | 6,74,70,883 |
| ചെലവ് | 6,16,78,853 |

| | |
|---|---|
| നീക്കിയിരിപ്പ് | 57,92,030 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 0 | 13716000 | 13716000 | 10758671 | 2957329 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 0 | 8192994 | 8192994 | 5998989 | 2194005 (ലാപ്സായി) |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 0 | 17854000 | 17854000 | 13242603 | 4611397 (ലാപ്സായി) |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 0 | 3006000 | 3006000 | 2464097 | 541903 (ലാപ്സായി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 0 | 6441021 | 6441021 | 5906482 | 534539 (ലാപ്സായി) |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സംസ്ഥാനം & കേന്ദ്രം | | | 0 | 2824989 | 2824989 | 1734418 | 1090571 (ലാപ്സായി) |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | തൊഴിലാളികളുടെ കൂലി(മെറ്റീരിയൽ അടക്കം) | 0 | 26834238 | 26834238 | 26834238 | 0 |
| | | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7514 | 1011353 | 1018867 | 1017210 | 1657 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | ഐ.സി.ഡി.എസ് | 143847 | 10168261 | 1160673 | 111564 | 1049109 |
| | | ടി.എസ്.സി | 0 | 627256 | 627256 | 383765 | 243491 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | വിമുക്തി മിഷൻ ഗ്രാന്റ് | 25000 | 12500 | 37500 | 4836 | 32664 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | വിവിധ പദ്ധതികൾ | 0 | 1700067 | 1700067 | 1700067 | 0 |
| | ജില്ലാ പഞ്ചായത്ത് | വിവിധ പദ്ധതികൾ | 0 | 500000 | 500000 | 500000 | 0 |
| ബി ഫണ്ട് | | തൊഴിൽ രഹിത വേതനം | 0 | 58800 | 58800 | 58800 | 0 |
| | | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 480000 | 480000 | 480000 | 0 |
| | | ഉല്പാദന ബോണസ് | 0 | 190800 | 190800 | 190800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 1047273 | 8322000 | 9369273 | 8528774 | 840499 |
| തനത് ഫണ്ട് | | ബാങ്ക് അക്കൗണ്ട് എസ്.ബി.ഐ | 1964130 | 6298504 | 8262634 | 4825093 | 3437541 |
| | | കോ-ഓപ്പറേറ്റീവ് ബാങ്ക് | 1219040 | 5491760 | 6710800 | 3119842 | 3590958 |

എസ്.ബി.ടി യിൽ നിലനിന്നിരുന്ന തനത് ഫണ്ട് അക്കൗണ്ടിൽ 11,071/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 221 | 7,32,57,393 | 159 | 4,01,05,260 | 0 | 62 | 58.30 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7514 | 11,11,353 | 11,18,867 | 11,17,210 | 1657 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,53,01,098 | 2,53,01,098 | 2,53,01,098 | 0 |
| മെറ്റീരിയൽ | 0 | 52,44,153 | 52,44,153 | 52,44,153 | 0 |

വാർഷിക കണക്കിലെ റസീറ്റ് & പേയമെന്റ് ഷെഡ്യൂൾ പ്രകാരം ഭരണചെലവ് ഇനത്തിൽ വരവും ചെലവും യഥാക്രമം 1111353 ഉം 505742 രൂപയുമാണ്. ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ ഐ-6, ഐ-14എ, പ്രകാരം ലഭിച്ച തുക 27845591 രൂപയാണ്. ആയത് മേൽപ്പറഞ്ഞ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58800 | 101 |
| കർഷകതൊഴിലാളി പെൻഷൻ | 7420500 | 628 |
| വിധവാപെൻഷൻ | 13698000 | 1178 |
| വാർദ്ധക്യകാലപെൻഷൻ | 18603600 | 1478 |
| വികലാംഗപെൻഷൻ | 3732000 | 302 |
| അവിവാഹിത പെൻഷൻ | 1497900 | 185 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 480000 | 16 |
| ഉത്പാദന ബോണസ് | 190800 | 509 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,869/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. കാഷിന്റെ പരിപാലനചുമതലകൾ നിറവേറ്റുന്നതിനായി ഒരു ഉദ്യോഗസ്ഥനെ ഓഫീസ് ഓർഡർ പ്രകാരം കാഷ്യറായി നിയോഗിച്ചിരിക്കുന്നത് 22.2.18 ന് ശേഷം മാത്രമാണ്. അതിന് മുമ്പ് കാഷ്യറെ ചുമതലപ്പെടുത്തിയിട്ടില്ല. ഡെബുക്കിൽ കാഷ്യർ തുക കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

5. ചെസ്ററിൽ സൂക്ഷിക്കുന്ന ആധാരങ്ങൾ, മറ്റ് വിലപ്പിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ വിവരം, കൈമാറ്റം എന്നിവ

നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അവയുടെ ഉത്തരവാദിത്തം ഓഫീസ് ഓർഡർ വഴി നിജപ്പെടുത്തിയിട്ടില്ല

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2019 | 2018 ഡിസംബർ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2013 | 1997-98 മുതൽ 2002-2003 വരെ | 13.02.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സംബന്ധിച്ച പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.
2. കിള്ളിമംഗലം സർവ്വീസ് സഹകരണ സംഘത്തിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 10410001000001) നൽകിയ 1525/- രൂപയുടെ 161615/ 15.12.15 എന്ന ചെക്ക് 3 മാസം കഴിഞ്ഞിട്ടും വരവെടുത്ത് liability in respect of stale cheque (ഷെഡ്യൂൾ ബി-9) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
3. ബി-12 ഷെഡ്യൂൾ പ്രകാരം 5000/- രൂപ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപമായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഷെയർ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കിയില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കിന്റെ ബി-11 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ എന്നിവയുടെ കൃത്യത ഉറപ്പാക്കാവുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കപ്പെട്ടിരിക്കുന്നത്."
5. കാഷ ഫ്ലോ പത്രികയിലെ net cash generated എന്നത് -26,24,263/- രൂപയും net increase in cash and cash equivalents എന്നത് 14,21,768/- രൂപയും ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
6. വസ്തു നികുതിയിനത്തിൽ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവുമുള്ള ഡി.സി.ബി. ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി തൻവർഷം

| വസ്തു നികുതി തൻവർഷം | | | | | |
|---|---|---|---|---|---|
| | | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ്/ ജേണൽ | ബാലൻസ് (ലൈബ്രറി സെസ്സ് അടക്കം) |
| വാർഷിക കണക്ക് | റെസിഡൻഷ്യൽ | 14,01,669 | 11,20,870 | ജേണൽ വൗച്ചർ ലഭ്യമായില്ല | 1,95,913 |
| | നോൺ റെസിഡൻഷ്യൽ | 8,89,558 | 8,09,110 | " | 53,820 |
| സഞ്ചയ | റെസിഡൻഷ്യൽ | 14,01,669 | 11,20,103 | 1,06,894 | 1,95,913 (186197+9716) |

| | | | | | |
|---|---|---|---|---|---|
| | നോൺ റെസിഡൻഷ്യൽ | 8,89,558 | 8,10,186 | 28,869 | 53,820<br>(51,205+2615) |

അപാകതകൾ

1. റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ ഇനങ്ങളിൽ യഥാക്രമം ₹1,06,894/-, ₹28,869/- ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി സഞ്ചയയിൽ ചേർത്തിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം അഡ്വാൻസ് കളക്ഷൻ ആയി വരവില്ലാത്തതാണ്. കൂടാതെ യഥാക്രമം ₹308302, ₹17564 അടുത്ത വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷൻ ആയി ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. എന്നാൽ RP-36 പ്രകാരം യഥാക്രമം ₹393, ₹68 എന്നിങ്ങനെയാണ് ഈയിനത്തിൽ വരവുള്ളത്. സാംഖ്യയിൽ വരുത്തിയ ക്രമീകരണവുമായി ബന്ധപ്പെട്ട ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല.
2. സഞ്ചയ ഡി.സി.ബി. പത്രികയിൽ ഗണിത ക്രിയ ചെയ്തിരിക്കുന്നത് കൃത്യമല്ല. ഡിമാന്റിൽ നിന്നും കളക്ഷനും ബുക്ക് അഡ്ജസ്റ്റ്മെന്റും കുറച്ചാൽ ബാലൻസ് ആയി കാണിച്ചിരിക്കുന്ന തുക ലഭിക്കുന്നില്ല.
3. വാർഷിക കണക്ക് RP-43 പ്രകാരമുള്ള വരവും സഞ്ചയയിൽ കാണിച്ചിരിക്കുന്ന വരവും പൊരുത്തപ്പെടുന്നില്ല.

2.വസ്തു നികുതി കുടിശ്ശിക

| വസ്തു നികുതി കുടിശ്ശിക | | | | | |
|---|---|---|---|---|---|
| | | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ്/ ജേണൽ | ബാലൻസ് (ലൈബ്രറി സെസ്സ് അടക്കം) |
| വാർഷിക കണക്ക് | റെസിഡൻഷ്യൽ | 13,68,216 | 11,99,419 | ജേണൽ വൗച്ചർ ലഭ്യമായില്ല | 5,10,080 |
| | നോൺ റെസിഡൻഷ്യൽ | 9,89,497 | 6,74,264 | | 1,46,054 |
| സഞ്ചയ | റെസിഡൻഷ്യൽ | 16,35,590 | 11,89,615 | 0 | 5,10,080<br>(484317+ 25763) |
| | നോൺ റെസിഡൻഷ്യൽ | 8,15,836 | 6,80,929 | 0 | 1,46,054<br>(139008+ 7046) |

അപാകതകൾ

1. 2016-17 വാർഷിക കണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം റെസിഡൻഷ്യൽ ഇനത്തിൽ കുടിശ്ശിക 13,68,216/- രൂപയും (ലൈബ്രറി സെസ്സ് അടക്കം ₹14,36,627/-) നോൺ റെസിഡൻഷ്യൽ ഇനത്തിൽ കുടിശ്ശിക 9,89,497/- രൂപയും (ലൈബ്രറി സെസ്സ് അടക്കം ₹10,38,972/-) രൂപയുമാണ്. എന്നാൽ സഞ്ചയ പ്രകാരം ഇവ യഥാക്രമം 16,35,590/- രൂപയും 8,15,836/- രൂപയുമാണ്. റെസിഡൻഷ്യൽ ഇനത്തിൽ ഡിമാന്റ് വർദ്ധിപ്പിക്കുകയും നോൺ റെസിഡൻഷ്യൽ ഇനത്തിൽ ഡിമാന്റ് കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു.
2. സഞ്ചയ ഡി.സി.ബി. പത്രികയിൽ ഗണിത ക്രിയ ചെയ്തിരിക്കുന്നത് കൃത്യമല്ല. ഡിമാന്റിൽ നിന്നും കളക്ഷൻ കുറച്ചാൽ ബാലൻസ് ആയി കാണിച്ചിരിക്കുന്ന തുക ലഭിക്കുന്നില്ല.
3. സാംഖ്യയിൽ വരുത്തിയ ക്രമീകരണവുമായി ബന്ധപ്പെട്ട ജേണൽ വൗച്ചറുകൾ ലഭ്യമാക്കിയില്ല.
4. വാർഷിക കണക്കിന്റെ I-18 ഷെഡ്യൂൾ പ്രകാരം prior period items-ൽ residential buildings, non residential buildings ഇനത്തിൽ യഥാക്രമം 1,00,276/- രൂപയും 2,15,482/- രൂപയും എഴുതി തള്ളിയതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിച്ച ജേണൽ വൗച്ചർ, എഴുതി

തള്ളിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല.

# ഭാഗം-2

# വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തനരേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15ന് മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനു മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 10.03.17നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 22.03.2017നാണ്. ബജറ്റ് നടപടികൾ സമയബന്ധിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

## 2-2 ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ

1) ഡി & ഓ ലൈസൻസ് രജിസ്റ്റർ ക്രമ നം. 58 പ്രകാരം ജെയ്സൺ.കെ.കെ, ശക്തി സെറാമിക്സ് ക്ലേ പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിനായി രശീതി നം. 11602104654 തീ.08.03.17 പ്രകാരം 2,000/- രൂപ ലൈസൻസ് ഫീസും 400/- രൂപ മെഷീനറി ചാർജ്ജും അടവാക്കി കാണുന്നു. എന്നാൽ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വാർഡ് നം. XVI/339A, മുഹമ്മദ് അക്ബർ, സ്റ്റാർ ഇൻഡസ്ട്രീസ് (ആണി നിർമ്മാണം-30HP) എന്ന സ്ഥാപനത്തിന്റെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

3) വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായാണ് കാണുന്നത്. 135 സ്ഥാപനങ്ങളാണ് ലിസ്റ്റിലുള്ളത്. ഡി & ഓ രജിസ്റ്റർ പ്രകാരം 162 സ്ഥാപനങ്ങളാണുള്ളത്. ഓരോ വർഷവും പുതുതായി ലൈസൻസ് എടുക്കുന്നതും ഒഴിവാക്കപ്പെട്ടതുമായ സ്ഥാപനങ്ങളുടെ വിവരം ഉൾപ്പെടുത്തി ലിസ്റ്റ് കാലികമാക്കിയിട്ടില്ല.
ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഡി & ഓ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും അപേക്ഷകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

I) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.
1) ഐ.സി.ഡി.പി സബ്സെന്റർ, പൈങ്കുളം – രണ്ട് അർദ്ധവർഷങ്ങളിലും
2) പോസ്റ്റ് ഓഫീസ്, പാഞ്ഞാൾ – രണ്ട് അർദ്ധവർഷങ്ങളിലും
3) എസ് & എസ് എഞ്ചിനീയറിംഗ്, പൈങ്കുളം – ഒന്നാം അർദ്ധവർഷം
4) ഡിസൈൻ എഡ്ജ് കോൺക്രീറ്റ് പ്രൊഡക്ട്സ്, പൈങ്കുളം – ഒന്നാം അർദ്ധവർഷം
5) എ.കെ.ഹോളോബ്രിക്സ്, കിള്ളിമംഗലം – രണ്ട് അർദ്ധവർഷങ്ങളിലും
6) ശക്തി സിറാമിക്സ്, പൈങ്കുളം – രണ്ട് അർദ്ധവർഷങ്ങളിലും
II) താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.
1) മാവേലി സ്റ്റോർ, പാഞ്ഞാൾ
2) കിള്ളിമംഗലം ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് – മെയിൻ ബ്രാഞ്ച്, ഉദുവടി ബ്രാഞ്ച്, പാഞ്ഞാൾ ബ്രാഞ്ച്
III) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
IV) 2017-18 സാമ്പത്തികവർഷം അടവാക്കേണ്ടതായ നികുതി 2018-19 ൽ അടവാക്കിയതായി കാണുന്നു, എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തി കാണുന്നില്ല. രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടവാക്കേണ്ടതായ മുഴുവൻ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകി നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടനിർമ്മാണം സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചെങ്കിൽ കെട്ടിടനമ്പർ നൽകിയ വിവരങ്ങളോ അല്ലെങ്കിൽ കെട്ടിടനിർമ്മാണ പെർമിറ്റ് പുതുക്കിയ വിവരങ്ങളോ രേഖപ്പെടുത്തുന്നില്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം17(1) പ്രകാരം കെട്ടിട നിർമ്മാണ കാലാവധി പെർമിറ്റ് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്കാണ്. അതുപോലെ തന്നെ വാർത്താവിനിമയ ഗോപുരങ്ങളുടെ നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 130(6) പ്രകാരം പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി അവസാനിച്ച സംഗതികളിൽ തുടർന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് ഫീൽഡ് പരിശോധന നടത്തേണ്ടതാണ്. അനധികൃത നിർമ്മാണം നടത്തുന്നത് കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കർമ്മപരിപാടി തയ്യാറാക്കേണ്ടതാണ്.

ഉദാഹരണത്തിന് 08.02.2011-ൽ BL-758/11 നമ്പറായി 238.99 ച.മീ. നിർമ്മാണത്തിന് വേണ്ടി ബിൽഡിംഗ് പെർമിറ്റ് എടുത്തിരുന്ന മൊയ്തീൻകുട്ടി, നായാട്ടുവളപ്പിൽ വീട്, മണലാടി എന്നയാൾ 13.12.2016-ന് 260.18 ച.മീ. നിർമ്മാണം പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രം നൽകുമ്പോൾ മാത്രമാണ് പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസും ക്രമവൽക്കരണഫീസും അടവാക്കുന്നത്.

ഫീൽഡ് പരിശോധന നടത്തി പെർമിറ്റ് കാലാവധി കഴിഞ്ഞ നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകുകയും പെർമിറ്റ് പുതുക്കുന്നതിന് ക്രമപ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 2-5 വസ്തു നികുതി ഈടാക്കിയതിൽ അപാകത

മുഹമ്മദലി.സി.എം, ചുങ്കത്ത് വീട്, പാഞ്ഞാൾ എന്നയാളുടെ വാർഡ് XII/403B മുതൽ 403E വരെയുള്ള 74.065$m^2$ വീതം വിസ്തീർണ്ണമുള്ള നാല് ക്വാർട്ടേഴ്സുകൾക്ക് 5 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. സ്ഥലപരിശോധന നടത്തി ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ ലോഡ്ജിംഗിൽ ഉൾപ്പെടുത്താവുന്നതാണെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തി കൂടിയ നിരക്ക് ഈടാക്കേണ്ടതാണ്.

## 2-6 സാംഖ്യ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ

1) കാൻസൽഡ് റസീറ്റ് റിപ്പോർട്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) പ്രിന്റ് ചെയ്യാത്ത രശീതികൾ കാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

3) കാൻസൽ ചെയ്യുന്ന രശീതികൾ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് 24.03.18 തീയതിയിൽ സാംഖ്യ രശീതി നം. 117020105635 തുക– 1,541/- കാൻസൽ ചെയ്തിട്ടുണ്ടെങ്കിലും മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) തുക പ്രിന്റ് ചെയ്ത രശീതികൾ കാൻസൽ ചെയ്യാതെ കൗണ്ടർഫോയിലിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നു. ഉദാഹരണത്തിന് 23.03.18 തീയതിയിൽ സാംഖ്യ രശീതി നം. 117020105560, സ്റ്റേഷനറി നം. 5295187 തുക-863/- പ്രിന്റ് ചെയ്തതായി കാണുന്നു. എന്നാൽ ഡേബുക്കിൽ ചേർത്തിട്ടില്ല. ഒറിജിനൽ രശീതി കൗണ്ടർഫോയിലിനോടൊപ്പം വച്ചിട്ടുണ്ടെങ്കിലും കാൻസൽ ചെയ്തിട്ടില്ല. 26.03.18 തീയതിയിൽ സാംഖ്യ രശീതി നം. 117020105721, സ്റ്റേഷനറി നം. 5295349 തുക – 1,90,800/- പ്രിന്റ് ചെയ്തതായി കാണുന്നു. എന്നാൽ ഡേബുക്കിൽ ചേർത്തിട്ടില്ല. ഒറിജിനൽ രശീതി കൗണ്ടർഫോയിലിനോടൊപ്പം വച്ചിട്ടുണ്ടെങ്കിലും കാൻസൽ ചെയ്തിട്ടില്ല.

രശീതികളുടെ ഉപയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതും അതാത് ദിവസങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-7 പഞ്ചായത്തിന് ലഭിക്കാനുള്ള ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 31.3.18 വരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക,ലഭിച്ച തുക,ബാക്കി ലഭിക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 30.1.2019ലെ ഓഡിറ്റ് എൻക്വയറി നം.20 ന് മറുപടി ലഭ്യമാക്കിയില്ല. ഇതേവരെ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ കണക്ക് തയ്യാറാക്കേണ്ടതും തുക ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ -പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

2017-18 സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണപത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നം | പേര് | സ്ഥാപനം | ട്രഷറി ബിൽ നം | തുക |
|---|---|---|---|---|---|
| 1 | 175/18 | മാവിൻചുവട് മുതൽ കോരൻതൊടി വരെ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 30/27.11.17 | 300000 |

| | | | | | |
|---|---|---|---|---|---|
| 4 | 225/18 | ഐ.എം.എ ബ്ലഡ് ബാങ്കിന് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത്,തൃശ്ശൂർ | 24/16.10.18 | 100000 |
| 5 | 226/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | ജില്ലാ പഞ്ചായത്ത്,തൃശ്ശൂർ | 25/16.10.17 | 50000 |
| | | | | | 450000 |

പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 450000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്-തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല

പ്രൊജക്ട് നം-105/18

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം-28/25.10.17 തുക-300000/-

കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് രൂപീകരിച്ച പ്രൊജക്ടിൽ തുക നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.8.17 ലെ 2(8) തീരുമാനപ്രകാരം 18 കുടുംബശ്രീ ഗ്രൂപ്പുകളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ട് നമ്പർ 10536598438 ലേക്ക് പ്രസ്തുത 300000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.എന്നാൽ മേൽ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വികസനഫണ്ട് വിഹിതം സർക്കാരിലേക്ക് തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതു വരെ ചെലവു തുക 300000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹങ്ങൾക്ക് 2017-18 ലെ ധനസഹായം അനുവദിച്ചു.

പ്രൊജക്ട് നം-106/18

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽ നം-3/25.8.17 തുക-450000/-

ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ഖണ്ഡിക 11.5. പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺമക്കളുടെ വിവാഹത്തിന് വരുമാനപരിധി 200000/- രൂപയ്ക്ക് വിധേയമായി 75000/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.ഇപ്രകാരം ധനസഹായം അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം.

എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ 2016-17 സാമ്പത്തികവർഷം നടന്ന വിവാഹങ്ങൾക്ക് 50000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനു പകരം 2017-18 ലെ ധനസഹായ തുകയായ75000/- രൂപ വീതം അനുവദിച്ചതായി കാണുന്നു.(പട്ടികജാതി പെൺകുട്ടികളുടെ വിവഹധനസഹായം 1.4.12 മുതൽ 50000/- രൂപയാക്കി നിജപ്പെടുത്തിയിട്ടുണ്ട്)

| ക്രമനം | ഗുണഭോക്താവ് | അപേക്ഷ സമർപ്പിച്ച തിയതി/ | വിവാഹതിയതി/ വിവാഹ സർട്ടിഫിക്കറ്റ് | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം |
|---|---|---|---|---|---|---|
| 1 | മുണ്ടൻ.ടി.കെ ,കൊണ്ടപുറത്ത് പടി | 28.1.17 | 6.11.16<br>5615/16 തിയതി. | 75000 | 50000 | 25000 |

| | | | | | | |
|---|---|---|---|---|---|---|
| | | | 9.12.16 | | | |
| 2 | ഹരികുമാർ.<br>ഇലവുങ്കൽ,വെട്ടിക്കാട്ടിരി | 2.2.17 | 10.12.16<br>5060/16 തി.18.1.17 | 75000 | 50000 | 25000 |
| 3. | ലക്ഷ്മി നാരായണൻ,മുല്ലക്കൽ | 17.2.17 | 6.11.16<br>4720/16തി.13.12.16 | 75000 | 50000 | 25000 |
| 4. | ദേവയാനി.വിസി,<br>മഠത്തിൽ തൊടി,പൈങ്കുളം | 11.4.17 | 29.1.17<br>502/17<br>തി.16.2.17 | 75000 | 50000 | 25000 |
| 5 | വിജയലക്ഷ്മി,വടക്കേപ്പാട്ടുതൊടി | 24.7.17 | 22.1.17<br>466/7 തി.15.2.17 | 75000 | 50000 | 25000 |
| | | | | | | 125000 |

മേൽപ്രകാരം അധികമായി അനുവദിച്ച125000/- രൂപ ധനസഹായം ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സമഗ്രക്ഷീരവികസനം-പാലിന് സബ്സിഡി - സബ്സിഡി പരിധി അധികരിച്ച് തുക അനുവദിച്ചത് തിരികെ ഈടാക്കി

പ്രൊജക്റ്റ് നം-27/18

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ട്രഷറി ബിൽ നം-1/26.2.18 തുക-500000/

ചെക്ക് നം-195702/3.3.18 തുക-600000/-

ആകെ -1100000/-

2017-18 സാമ്പത്തികവർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്രക്ഷീരവികസനം-പാലിന് സബ്സിഡി പ്രൊജക്ടിൽ ഗ്രാമ/ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ആകെ 11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് പരിധിയിലെ കിള്ളിമംഗലം,പാഞ്ഞാൾ,പൈങ്കുളം ക്ഷീരോൽപാദക സംഘങ്ങളിലെ ക്ഷീരകർഷകർക്ക് തുക അനുവദിച്ചിട്ടുണ്ട്.പൈങ്കുളം ക്ഷീരോൽപാദക സംഘത്തിലെ ശ്രീമതി ഗീതി വിജയകുമാർ എന്നയാളുടെ അക്കൗണ്ടിലേക്ക് (നം.3365524775) 27000/- രൂപയും ശ്രീ.വിജയകുമാറിന്റെ അക്കൗണ്ടിലേക്ക് (നം.10536610683) 6525/- രൂപയും അനുവദിച്ചിട്ടുണ്ട്.റേഷൻകാർഡ് നം.1842064344 പ്രകാരം ഈ ഗുണഭോക്താക്കൾ ഭാര്യാഭർത്താക്കൻമാർ ആണ്.ഒരു കർഷകന് പരമാവധി നൽകാവുന്ന സബ്സിഡി 30000/- രൂപയാണെന്നിരിക്കെ മേൽ പ്രകാരം ഒരു കുടുംബത്തിലെ രണ്ടു പേർക്ക് അനുവദിച്ച അധിക ധനസഹായം 3525/- രൂപ തിരികെ ഈടാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.1.19) ,മേൽപ്പറഞ്ഞ തുക 29.1.19 ലെ ചലാൻ പ്രകാരം ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് എന്ന് മറുപടി നൽകി.

## 3-5 സമഗ്രക്ഷീരവികസനം-പാലിന് സബ്സിഡി -രേഖകൾ സൂക്ഷിക്കുന്നതിൽ കൃത്യതയില്ല

പ്രൊജക്റ്റ് നം-27/18

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

2017-18 സാമ്പത്തികവർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്രക്ഷീരവികസനം-പാലിന്

സബ്സിഡി പ്രൊജക്ടിൽ ഗ്രാമ/ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ആകെ 11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് പരിധിയിലെ കിള്ളിമംഗലം,പാഞ്ഞാൾ,പൈങ്കുളം ക്ഷീരോൽപാദക സംഘങ്ങളിലെ ക്ഷീരകർഷകർക്ക് തുക അനുവദിച്ചിട്ടുണ്ട്.എന്നാൽ പൈങ്കുളം ഒഴികെ മറ്റു സംഘങ്ങളിലെ ഓരോ കർഷകനും ഓരോ മാസങ്ങളിൽ സംഘങ്ങളിൽ അളന്ന പാലിന്റെ കൃത്യമായ കണക്ക് രേഖപ്പെടുത്താതെ ആകെ അളന്ന പാലിന്റെ കണക്ക് രേഖപ്പെടുത്തിയ ലിസ്റ്റ് മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്.രേഖകൾ കൃത്യതയോടെ പരിപാലിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും കർഷകർക്ക് അർഹമായ തുകയാണ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-6 ആശ്രയ-ഭവനനിർമ്മാണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി -കൈമാറിയ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല

പ്രൊജക്ട് നം-22/18

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം-5/30.6.17 തുക-1000000/- രൂപ

ആശ്രയ ഭവനനിർമ്മാണത്തിനായി മേൽ തുക കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം.31906747409) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.പ്രധാന പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

1. പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ആശ്രയ-ഭവന നിർമ്മാണം-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പതിമൂന്നാം പഞ്ചവത്സരപദ്ധതി പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി.29.3.17 ക്രമനം.13.8പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് അടിസ്ഥാന സേവനഉപപദ്ധതി തയ്യാറാക്കേണ്ടത് .ആ വിഭാഗത്തിൽ ചുവടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. ശുചിത്വം,കക്കൂസ് മാലിന്യപരിപാലനം

2.മലിനജല നിർഗ്ഗമനം,ഖരമാലിന്യപരിപാലനം

3.ശ്മശാനങ്ങൾ സ്ഥാപിക്കൽ

4.കുടിവെള്ള വിതരണം

5.നടപ്പാതകളുടെ നിർമ്മാണം,തെരുവു വിളക്കുകൾ സ്ഥാപിക്കൽ

6.ഗ്രാമപഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം,സംരക്ഷണം

ഇതിൽ നിന്നും വ്യത്യസ്തമായി പതിനാലാംധനകാര്യ കമ്മീഷൻ ഗ്രാന്റ് ഭവനനിർമ്മാണത്തിനായി വകയിരുത്തുകയും തുക ചെലവഴിക്കുകയും ചെയ്തു.

പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക,അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക,പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രൊജക്ടുകൾ ശുപാർശ ചെയ്യുക എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്.മേൽ പ്രൊജക്ടിന്റെ കാര്യത്തിൽ വിഭവസ്രോതസ്സായി പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തി, പ്രൊജക്ട് ശുപാർശ ചെയ്തത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നില്ല എന്നു വ്യക്തമാക്കുന്നു. പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനു മുമ്പ് വിഭവ സ്രോതസ്സുകളുടെ കൃത്യമായ വിവരങ്ങൾ കണക്കാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. ആശ്രയ-ഭവനനിർമ്മാണം കൈമാറിയ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല

ആശ്രയ രണ്ടാംഘട്ട പ്രൊജക്ടിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി 250000/- രൂപ വീതം കണക്കാക്കിയാണ് 1000000/- രൂപ കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ചെയ്തത്.ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.അമ്മാളു,കഴക്കോട്ടിൽ

2.കാർത്ത്യായനി ,കൊട്ടിത്തറതെക്കേതിൽ

3.കാളി,കാട്ടിൽപടി

4.മുഹമ്മദാലി,കുമുള്ളംപറമ്പിൽ,ശ്രീ പുഷ്കരം

ആയതിൽ അമ്മാളു,കഴക്കോട്ടിൽ എന്നവർ മാത്രമാണ് ലഭ്യമായ തുക വിനിയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഭവനനിർമ്മാണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ബാക്കിയുള്ള ഗുണഭോക്താക്കൾ 3 പേർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ നാളിതുവരെ തുക ചെലവഴിക്കാനായിട്ടില്ല.ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്ത പക്ഷം അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വികസനഫണ്ട് വിഹിതം തിരികെ ട്രഷറിയിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ആശ്രയ-അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത് 31.3.18 ൽ 25,37829.61 രൂപ.( നം.31906747409)

ആശ്രയ പദ്ധതിക്കു വേണ്ടി പ്ലാൻഫണ്ട് വിഹിതം,കുടുംബശ്രീ ചലഞ്ച് ഫണ്ട് എന്നിവ നിക്ഷേപിക്കുന്ന മേൽ അക്കൗണ്ടിൽ 31.3.18 ൽ 25,37,829.61 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ട് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻഫണ്ട്(രണ്ടാം ഘട്ട പ്രൊജക്ട്) | 200000 | 675000 | 1325000 |
| ചലഞ്ച് ഫണ്ട് (ഒന്നാംഘട്ടം) | 1500000 | 678846.25 | 621153.75 |
| കമ്പ്യൂട്ടർ ഫണ്ട് | 200000 | 142777 | 57223 |
| ബാങ്ക് പലിശ | 705162 | 170709.14 | 534452.86 |
| | | | 2537829.61 |

ആയതിൽ വികസന ഫണ്ട് വിഹിതം കൈമാറിയതിൽ ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ള തുക അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ട്രഷറിയിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്താക്കൾ നാളിതു വരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല

പ്രൊജക്ട് നം-110/18 (കന്നുകുട്ടി പരിപാലന പദ്ധതി)

നിർവ്വഹണം-വെറ്ററിനറി സർജൻ

ട്രഷറി ബിൽ നം-1/10.1.18തുക-118750/-

ട്രഷറി ബിൽ നം-3/17.3.18 തുക-37500/-

ആകെ -156250/

ഒരു ഗുണഭോക്താവിന് 6250/- രൂപ വീതം 25 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി 156250/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് അക്കൗണ്ട് നം.7130114000034 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.കാലിത്തീറ്റ വിതരണം 3/18 ൽ ആരംഭിച്ചിട്ടുണ്ട്.എന്നാൽ 25 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല.

1.ജിസമ്മ,വലിയകുന്നത്ത്

2.സരോജിനി,കുന്നത്ത്

3.ലില്ലി വർഗ്ഗീസ്,പുന്നപ്പുഴ

44.ഫിലിപ്പ്,വാലിയിൽ

കാലിത്തീറ്റ നാളിതു വരെ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കു വേണ്ടി ചെലവഴിച്ച വികസനഫണ്ട്(4*6250 =25000) എസ്.എൽ.ബി.പി യിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 തെരുവു വിളക്ക് പരിപാലനം-കെ.എസ്.ഇ.ബിയുടെ അനുമതിയില്ലാതെ പ്രവൃത്തികൾ നടപ്പാക്കുന്നു

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണദ്യോഗസ്ഥനായി തെരു വു വിളക്ക് പരിപാലനത്തിനായി താഴെ പറയുന്ന പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.2016-17 ൽ സ്ട്രീറ്റ് ലൈൻ വലിക്കുകയും 2017-18 ൽ പ്രസ്തുത സ്ട്രീറ്റ് ലൈനിലേക്കാവശ്യമായ ട്യൂബ്സെറ്റുകൾ വാങ്ങി വാർഡുമെമ്പർമാർ മുഖേന ഫിറ്റുചെയ്യുന്നതിന് കരാറുകാരനെ ഏൽപ്പിക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.വിശദാംശംതാഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ്/ചെലവു തുക | 2016-17 ലെ ചെലവ് | 2017-18 ൽ വാങ്ങിയ ട്യൂബുസെറ്റുകൾ | വാർഡ് മെമ്പർമാർ കൈപ്പറ്റിയ ട്യൂബ് സെറ്റുകൾ | ഫിറ്റ്ചെയ്ത ട്യൂബുസെറ്റുകൾ (കരാറുകാരന് 260/- രൂപ നിരക്കിൽ അനുവദിച്ച തുക പ്രകാരം ) | വാർഡ് മെമ്പർ കൈവശം ബാക്കി നിൽക്കുന്ന ട്യൂബ്സെറ്റുകൾ |
|---|---|---|---|---|---|---|---|
| 1 | 2/18 | തെരുവു വിളക്കുകൾ വാങ്ങൽ<br>ട്രഷറി ബിൽ നം/തിയതി-17/22.9.17 തുക-242999/-<br>36/24.1.18 തുക-16380<br>ആകെ-259379/- | ------ | 100 | 99(വിവിധ വാർഡുകളിലെ മെമ്പർമാർ) | 63 | 36 |
| 2 | 3/18 | സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -കിള്ളിമംഗലം റോഡ്.<br>ട്രഷറി ബിൽ നം/തിയതി-21/22.9.17 തുക-126059/- | 334365 | 66 | 66(10ാംവാർഡ്) | ****** | 66 |
| 3 | 4/18 | സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 89240 | 17 | 17 | 17 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | -കടീക്കൽപടി.ട്രഷറി ബിൽ നം/തിയതി-22/22.9.17 തുക-32470/- 41/24.1.18 തുക-4420 ആകെ-36890 | | | | | |
| 4 | 5/18 | സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -കൊണ്ടപുറത്ത് മംഗലംകുന്ന് കോളനി.ട്രഷറി ബിൽ നം/തിയതി-20/22.9.17 തുക-43930/- 37/24.1.18 തുക-5980 ആകെ-49910 | 86390 | 23 | 23 | 23 | 0 |
| 5 | 6/18 | ഒലിപ്പാറ കോളനി,സാംബവ കോളനി-സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -ട്രഷറി ബിൽ നം/തിയതി-16/22.9.17 തുക-99320/- | 52270 | 52 | 52(വാർഡ് 11) | ***** | 52 |
| 6 | 9/18 | സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -വാർഡ് 16.ട്രഷറി ബിൽ നം/തിയതി-19/22.9.17 തുക-43930/- 33/30.12.17തുക-5980 ആകെ-49910 | 152300 | 23 | 23 | 23 | 0 |
| 7 | 10/18 | മൂരിയിൽ പടി കോളനി-സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -ട്രഷറി ബിൽ നം/തിയതി-18/22.9.17 തുക-89770/- | 125460 | 47 | 47 | 47 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 40/24.1.18 തുക-12220 ആകെ-101990 | | | | | |
| 8 | 13/18 | കോരൻതൊടി കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -ട്രഷറി ബിൽ നം/തിയതി- 13/22.9.17 തുക-57300/-- 38/24.1.18 തുക-7800 ആകെ-65100 | ----- | 30 | 30 | 30 | 0 |
| 9 | 14/18 | മുല്ലക്കൽ കോളനി-സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ട്രഷറി ബിൽ നം/തിയതി- 14/22.9.17 തുക-22920/-- 37/24.1.18 തുക-3120 ആകെ-26040 | 23917 | 12 | 12 | 12 | 0 |
| 10 | 15/18 | ശ്രീ പുഷ്കരം ഭാഗത്ത് സ്ട്രീറ്റ്മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ട്രഷറി ബിൽ നം/തിയതി- 15/22.9.17 തുക-22920/- 34/24.1.18 തുക-3120 ആകെ-26040 | 72715 | 12 | 12 | 12 | 0 |
| | | 840638 | | 382 | 381 | 227 | 154 |

.മേൽ പ്രൊജക്ടുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് കണ്ട പ്രധാനപ്പെട്ട അപാകതകൾ ശ്രദ്ധയിൽപെടുത്തുന്നു.

1. തെരുവു വിളക്കിന്റെ ഇനം തിരിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിലെ മൊത്തം വാങ്ങലുകൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിലാണ് തെരുവു വിളക്ക് രേഖപ്പെടുത്തിയിരിക്കുന്നത്.ഓരോ ഇനത്തിന്റെയും മുന്നിരിപ്പ്,വരവ് ,ചെലവ്,നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കുന്നില്ല.

2. തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി യിൽ അടവാക്കുമ്പോൾ കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഇൻവോയ്സ് (ഡിമാന്റ് നോട്ടീസ് ഇനം തിരിച്ച കണക്ക് ) ഹാജരാക്കിയിട്ടില്ല.

3. ഓരോ വാർഡിലും നിലവിലുള്ള പോസ്റ്റുകൾ, അവയുടെ നമ്പർ,അവയിലെ തെരുവു വിളക്കിന്റെ ഇനം എന്നിവ

രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

4. 2017-18 ൽ ട്യൂബ്സെറ്റുകൾ ഫിറ്റ് ചെയ്യുന്നതിന് ഒരെണ്ണത്തിന് 260/- രൂപ നിരക്കിൽ ശ്രീ.അനിൽകുമാർ,കെ,എസ്.എസ്.ബി.എൻ വയറിംഗ് & വൈൻഡിംഗ് ചേലക്കരയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ കരാറുകാരന് ട്യൂബ്സെറ്റുകൾ അനുവദിക്കാതെ വാർഡ് മെമ്പർക്കാണ് ആയവ അനുവദിച്ചുകാണുന്നത്.വാർഡ് മെമ്പർമാർ കൈപ്പറ്റിയതിൽ 154 എണ്ണം ഫിറ്റ് ചെയ്യുന്നതിന് കരാറുകാരന് 2017-18 ൽ തുക അനുവദിച്ചിട്ടില്ല.2018-19 ൽ ആയവ ഫിറ്റ് ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 4/24.1.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

5. ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി (ചെറുതുരുത്തി,ചേലക്കര ) സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു.

മേല്പറഞ്ഞ പ്രൊജക്ടുകളുടെ ഭാഗമായി ട്യൂബ്സെറ്റുകൾ സ്ഥാപിച്ചതായ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.ആയതു വരെ ചെലവു തുക 840638/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 തെരുവു വിളക്ക് വാങ്ങൽ- സി.എഫ്.എൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-സെക്രട്ടറി

പ്രൊജക്ട് നം-228/18

ട്രഷറിബിൽ നം/തിയതി-59/28.3.18 തുക-197250/-

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സി.എഫ്.എൽ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറവു തുക രേഖപ്പെടുത്തിയ എഡിസൺ ഇലക്ട്രോണിക്സിന്റെ ടെണ്ടർ 20.12.17 ലെ ഭരണസമിതിയുടെ തീരുമാനം 1/15 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ ബി2-സി-104/28.3.18 പ്രകാരം 2*11watt സി.എഫ്.എൽ ഓട്ടോമാറ്റിക് വിത്ത് ഫിറ്റിംഗ്സ് 150 എണ്ണം സപ്ലൈ ചെയ്തതിന് 197250/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.സ്ഥാപനം ലേബർ ചാർജ് 200/- രൂപ ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ 30000/- രൂപ സ്ഥാപനത്തിന് ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

സി.എഫ്.എൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി യുടെ അനുമതിപത്രം വാങ്ങിയിട്ടില്ല.പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള കെ.എസ്.ഇ.ബിയുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ ചെലവു തുക 197250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം -അപാകതകൾ

നിർവ്വഹണം-വി.ഇ.ഒ കിള്ളിമംഗലം സർക്കിൾ

പ്രൊജക്ട് നം-235/18

2017-18 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് മിഷൻ, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന പ്രൊജക്ടിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അഡ്വാൻസ് തുക കൈപ്പറ്റിയതിനു ശേഷം പ്രവൃത്തി ഉപേക്ഷിച്ചു

വാസന്തി സുബ്രഹ്മണ്യൻ,ആലിങ്ങപറമ്പിൽ എന്നവർക്ക് 2014-15 ൽ ഭവനനിർമ്മാണത്തിനായി വികസനഫണ്ടിൽ

നിന്നും 20000/- രൂപ അനുവദിച്ചിരുന്നു. ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയ ഇവർക്ക് തറപ്പണി പൂർത്തീകരിച്ചതിനാൽ ആനുപാതികവർദ്ധനവ് കണക്കാക്കി 160000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന(നം.30118144346) അനുവദിച്ചിട്ടുണ്ട്.

എന്നാൽ 21.5.18 ൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താവിന് അയച്ച കത്തിൽ ഗുണഭോക്താവ് ഭവനനിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ച ഭാഗങ്ങൾ പൊളിച്ചു കളഞ്ഞതായും ഭവനനിർമ്മാണം പൂർവ്വ സ്ഥിതിയിലാക്കിയതായും അറിയിച്ചിട്ടുണ്ട്.പിന്നീട് ഗുണഭോക്താവിന് തുക നൽകിയിട്ടില്ല.ഭവനം നിർമ്മിക്കുവാൻ ഗുണഭോക്താവിന് താൽപ്പര്യമില്ലാത്തതിനാൽ ഭവനനിർമ്മാണത്തിനായി ഗുണഭോക്താവ് നാളിതു വരെ കൈപ്പറ്റിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.അധിക തറവിസ്തൃതിയിൽ ഭവനനിർമ്മാണം ആരംഭിച്ച ഗുണഭോക്താവിന് ധനസഹായം പൂർണ്ണമായി അനുവദിച്ചു

സരിത.കെ.എസ്,കോള്ളുരി തൊടി വീട് എന്ന ഗുണഭോക്താവിന് 2015-16 ൽ ഭവനനിർമ്മാണത്തിനായി 40000/- രൂപ വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആനുപാതികവർദ്ധനവ് കണക്കാക്കി ടിയാൾക്ക് 240000/- രൂപയ്ക്ക് അർഹതയുണ്ട്.ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ 0015053000033184 ലേക്ക് 5.3.18,30.5.18 തീയതികളിലായി മുഴുവൻ സംഖ്യയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

എന്നാൽ 7.4.18 ൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താവിന് അയച്ച കത്തിൽ ഗുണഭോക്താവ് 1000 സ്ക്വയർ ഫീറ്റിൽ വീട് പണിയുന്നതിനായി ശ്രമിക്കുന്നതിനാൽ അപ്രകാരം വീട് പണിയുന്ന പക്ഷം വാങ്ങിയ സംഖ്യ തിരിച്ചടക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.പിന്നീട് ഗുണഭോക്താവ് എത്ര സ്ക്വയർ ഫീറ്റിൽ ആണ് ഭവനനിർമ്മാണം പൂർത്തീകരിച്ചത് എന്ന ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

30.5.18 ൽ വാസയോഗ്യമായ ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയ ഗുണഭോക്താവിന്റെ വീടിന് നാളിതു വരെ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചിട്ടില്ല. ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പരിശോധിച്ച് അധിക വിസ്തൃതിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഭവനപദ്ധതിയിൽ അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽപറഞ്ഞ വിഷയങ്ങളിൽ അടിയന്തിരനടപടി സ്വീകരിച്ച് സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-സ്പെസിഫിക്കേഷൻ പരിശോധിച്ച് സാക്ഷ്യപ്പെട്ടുത്തിയിട്ടില്ല

പ്രൊജക്ട് നം-127/18
നിർവ്വഹണം-ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്,കീഴില്ലം
ട്രഷരി ബിൽ നം-2/16.3.18 തുക-269026/-
ട്രഷറി ബിൽ നം-7/24.3.18 തുക-224188/-
2017-18 സാമ്പത്തികവർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത നിയോ സിസ്റ്റംസ് ,ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 170/12.3.18 പ്രകാരം 12 ലാപ് ടോപ്പും,ഇൻവോയ്സ് നമ്പർ 182/24.3.18 പ്രകാരം 10 ലാപ് ടോപ്പുകളും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്.
എന്നാൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ്പ് തന്നെയാണ് സപ്ലൈ ചെയ്തതെന്ന് ഗ്രാമപഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റൻറ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.4.6 പ്രകാരം സ്പെസിഫിക്കേഷനുകളും അനുബന്ധ സാങ്കേതിക വിവരങ്ങളും ഉപയോക്താവിന്റെ ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന വിധത്തിൽ പൂർണ്ണവും ശരിയുമാണെന്ന് ഉറപ്പാക്കേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഉയർന്ന സാങ്കേതിക മേന്മ ഉറപ്പുവരുത്തേണ്ട ലാപ് ടോപിന്റെ മേൽപ്പറഞ്ഞ നടപടിക്രമം പാലിച്ചിട്ടില്ല.അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-12 പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ ,യിലെ നിർവ്വഹണം,മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ

താഴെ ചേർക്കുന്നു.

1-1. റോഡ് കണക്റ്റിവിറ്റി പ്ലാൻ,ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്റ്റ് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

1-2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

1-3. നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിൽ തയ്യാറാക്കപ്പെട്ട മോണിട്ടറിംഗ് റിപ്പോർട്ട് മരാമത്ത് പ്രൊജക്റ്റ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

1-4. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുത്തുകയോ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.
പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത് പ്രൊജക്റ്റുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അത്യാവശ്യമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-13 വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പ്രൊജക്റ്റുകൾ / വകയിരുത്തിയ തുക | 149 | 90 | 60 | 40604880 | 19110581 | 47 |

പ്രൊജക്റ്റുകളിൽ 60% പ്രൊജക്റ്റുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 47% ഇതിനായി ചെലവഴിച്ചു. ആകെ വകയിരുത്തിയ 40604880 രൂപയിൽ 19110581 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കുറഞ്ഞ ഫണ്ട് വിനിയോഗത്തിന് കാരണം വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

# 3-16 കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന കുടിവെള്ളപദ്ധതികൾ നാളിതുവരെ

പ്രവർത്തനക്ഷമമായില്ല

1. ദളപതി കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം. : 74/17,66/18

വകയിരുത്തിയ തുക : ₹300000(ലോകബാങ്ക് ധനസഹായം)

കൺവീനറുടെ പേര് : ശ്രീ. കൃഷ്ണൻകുട്ടി

കരാർ നം : 17/3.2.17

ചെലവഴിച്ച തുക : ട.ബി. നം. 22/12.7.17; ₹62888(ഒന്നാം പാർട്ട് ബിൽ)

അന്തിമബിൽ;₹237112 (2018-19 ൽ നൽകി)

2016-17 ൽ ആരംഭിച്ച ദളപതി കുടിവെള്ളപദ്ധതിയിൽ കുഴൽ കിണർ നിർമ്മാണം, യീൽഡ് ടെസ്റ്റ്, വാട്ടർടാങ്ക് സ്ഥാപിക്കൽ എന്നിവയായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ കുഴൽ കിണർ നിർമ്മിച്ചതിൽ ജലലഭ്യത കുറവായതിനാൽ പുതിയ കുഴൽകിണർ നിർമ്മിക്കേണ്ടതായി വന്നു. യീൽഡ് ടെസ്റ്റ്, വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ് ഫോം നിർമ്മാണം എന്നിവയാണ് ഈ പ്രൊജക്ടിൽ നിർവ്വഹിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി അന്തിക്കാട് ദളപതി കുടിവെള്ളപദ്ധതി എന്ന പേരിൽ മറ്റൊരു പ്രൊജക്ടിൽ (പ്രൊ.നം. 255/17,104/18) തൻവർഷം ട.ബി. നം. 55/30.12.17 പ്രകാരം ₹369152 രൂപ ചെലവഴിച്ച് ടാങ്ക്,പൈപ്പ് ലൈൻ, മോട്ടോർ ഷെഡ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. രണ്ട് പ്രൊജക്ടിലും മോട്ടോർപമ്പ് സെറ്റ് സ്ഥാപിക്കൽ,വൈദ്യുതി കണക്ഷൻ എന്നിവ നിർവ്വഹിച്ചതായി കാണുന്നില്ല.

2. കാറാത്ത് മിച്ചഭൂമി ഇർഷാദ് കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം. 253/17,198/18

വകയിരുത്തിയ തുക : ₹325000(ലോകബാങ്ക് ധനസഹായം)

കരാറുകാരന്റെ പേര് : ശ്രീ. പ്രദീപ് കുമാർ

കരാർ നം : 67/27.3.17

ചെലവഴിച്ച തുക : ട.ബി. നം. 54/30.12.17; ₹325000

2016-17 ൽ ആരംഭിച്ച ഈ കുടിവെള്ളപദ്ധതിയിൽ പുതിയ കുഴൽ കിണർ നിർമ്മാണം, പമ്പ് ഹൗസ്, വാട്ടർടാങ്ക്,പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഈ പ്രൊജക്ടിൽ മോട്ടോർ പമ്പ് സെറ്റ് ,വൈദ്യുതികണക്ഷൻ എന്നിവ മാത്രം നിർവ്വഹിച്ചിട്ടില്ല.

ഓഡിറ്റിനോടനുബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 31.1.19ന് നടത്തിയ സ്ഥലപരിശോധനയിൽ മേൽ പറഞ്ഞ രണ്ട് കുടിവെള്ളപദ്ധതിയിലും നാളിതുവരെയായിട്ടും മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുകയോ വൈദ്യുതി കണക്ഷൻ ലഭിക്കുകയോ ചെയ്യിട്ടില്ലെന്ന് വ്യക്തമായി. 2016-17 ൽ ആരംഭിച്ച കുടിവെള്ളപദ്ധതികൾ നാളിതുവരെയായിട്ടും പ്രവർത്തനക്ഷമമായിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-17 പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

2016-17 വർഷത്തിൽ ബാധകമായ സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ/11.1.2016 ലെ ഖണ്ഡിക 12.6(5) ലും തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം,പരിപാലനം എന്നിവക്കാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ ാം നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു.

എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് പുതിയ റോഡ് നിർമ്മാണത്തിന് വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം./ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1. | 76/17 | പാറപ്പുറം മണ്ഡപം റോഡ് നിർമ്മാണം | 19/12.7.17; 458684 | സബ് ഗ്രേഡ് തയ്യാറാക്കൽ, wmm മെറ്റലിംഗ്,ടാറിംഗ് എന്നിവയാണ് നിർവ്വഹിച്ചിരിക്കുന്നത്. |

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 ആസൂത്രണസമിതി പ്രവർത്തനത്തിലെ പോരായ്മകൾ

നാടിന്റെ വികസനത്തിന് താത്പര്യമെടുക്കുകയും പങ്കാളികളാകുകയും ചെയ്യുന്ന പൗരസമൂഹത്തിന് രൂപം നൽകുകയെന്ന ഉദ്ദേശ്യത്തോടെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഒരു ആസൂത്രണസമിതി രൂപീകരിക്കേണ്ടതാണെന്ന് 13 ാംപദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം , നിർവ്വഹണം,വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക,ആസൂത്രണ,നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണസമിതിയുടെ മുഖ്യചുമതലകൾ. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രസിഡണ്ട് സമിതിയുടെ അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറുമാണ്. ആസൂത്രണപ്രക്രിയയിൽ തദ്ദേശഭരണസ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ധനായിരിക്കണം സമിതിയുടെ ഉപാദ്ധ്യക്ഷൻ. ആസൂത്രണസമിതിയുടെ കാലാവധി ഭരണസമിതിയുടെ കാലാവധി ആയിരിക്കുന്നതും സാധാരണയായി 12 അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായും സെക്രട്ടറി കൺവീനറായും 16 അംഗങ്ങളടങ്ങിയ ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ട്. ശ്രീ. സി.എസ്.മാത്യൂസ് ആയിരുന്നു ഉപാദ്ധ്യക്ഷൻ. ആസൂത്രണസമിതി തൻവർഷം യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(മിനിട്സ് പ്രകാരം)

| തിയതി | പങ്കെടുത്തവരുടെ എണ്ണം | ഉദ്ദേശ്യം | തീരുമാനങ്ങൾ |
|---|---|---|---|
| 14.2.17 | 17 | 13ാം പഞ്ചവത്സരപദ്ധതി രൂപീകരണം | ആസൂത്രണസമിതി അംഗങ്ങളെ വിവിധവർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി തീരുമാനിച്ചു. |
| 10.5.17 | 19 | 17-18 വാർഷികപദ്ധതി തയ്യാറാക്കൽ | പുതിയപദ്ധതി നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് യോഗം തീരുമാനിച്ചു. |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്നപോലെ ആസൂത്രണസമിതി 2 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ജി.ഒ(എം.എസ്)10/2017/തസ്വഭവ തിയതി 9.1.17 ലെ ഖണ്ഡിക 1.6 പ്രകാരം ആസൂത്രണസമിതിക്ക് 11 ചുമതലകൾ നൽകിയിട്ടുണ്ട്. അവയിൽ താഴെ പറയുന്ന മേഖലകളിൽ ആസൂത്രണസമിതിയിൽ നിർദ്ദേശങ്ങളൊന്നും ഉയർന്നു വന്നിട്ടില്ല.

1. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക.

2. തദ്ദേശഭരണപ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക.

3. അധികവിഭവസമാഹരണസാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക.

4. പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനം സംഘടിപ്പിക്കുന്ന ആലോചനായോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കുക.

5. പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക.

പഞ്ചായത്തിലെ ആസൂത്രണസമിതിക്ക് പദ്ധതിമാർഗ്ഗരേഖ പ്രകാരം ഏൽപ്പിച്ചുനൽകിയ ചുമതലകളിൽ പരിമിതമായ ഇടപെടലുകൾ മാത്രമാണ് നടത്തുവാൻ സാധിച്ചിട്ടുള്ളത്.

മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,067 | പച്ചക്കറി കൃഷി | 1,00,067 | 0 |
| | | 1,00,000 | സമഗ്ര ക്ഷീരവികസനം – പാലിന് സബ്സിഡി | 1,00,000 | 0 |
| | | 12,50,000 | സമഗ്ര നെൽകൃഷി വികസനം | 12,50,000 | 0 |
| | | 2,00,000 | പടിഞ്ഞാറെകുന്ന് റോഡ് റീടാറിംഗ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 175/18 മാവിൻചുവട് മുതൽ കോരൻതൊടി വരെ പൈപ്പ് ലൈൻ | 0 | 3,00,000 | 0 | പ്രവർത്തി പുരോഗമിക്കുന്നു | 3,00,000 |
| KSEB | 185/18 അയ്യപ്പൻകാവ് സ്ട്രീറ്റ് മെയിൻ | 0 | 59,220 | 59,220 | പൂർത്തികരിച്ചു | 0 |
| | 213/18 തോണിക്കടവ് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് | 0 | 40,000 | 40,000 | പൂർത്തികരിച്ചു | 0 |
| | 229/18 ഉദുവടി സ്ട്രീറ്റ് മെയിൻ | 0 | 2,10,665 | 2,10,665 | പൂർത്തികരിച്ചു | 0 |
| | 232/18 പാഞ്ഞാൾ കാട്ടിലക്കാവ് | 0 | 2,82,062 | 2,82,062 | പൂർത്തികരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| | മുതൽ പാറപ്പുറം വരെ സ്ട്രീറ്റ് മെയിൻ | | | | | |

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം Deposit with KSEB 1881189 രൂപയാണ്. ആയത് മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,31,00,621 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,16,78,853 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 125000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1787888 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 125000 | ശ്രീമതി.ആനി.എൽ.ആർ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 3-1 | 450000 | ശ്രീ.സത്യൻ.ടി,സെക്രട്ടറി |
| 3-2 | 300000 | ശ്രീ.സത്യൻ.ടി,സെക്രട്ടറി |
| 3-8 | 840638 | ശ്രീ.സത്യൻ.ടി,സെക്രട്ടറി |
| 3-9 | 197250 | ശ്രീ.സത്യൻ.ടി,സെക്രട്ടറി |
| ആകെ | 1787888 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആനി.എൽ.ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമല്ല | ആനി ഭവൻ, ചൊവ്വര പി.ഒ, തിരുവനന്തപുരം-695 501 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 66-67 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 67-68 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 68-69 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 70-71 | എൽ.എഫ്.ഇ3(1) 2094/74 /തീയതി 20.09.94 |
| 71-72 | എൽ.എഫ്.ഇ3(1) 3030/73 /തീയതി 24.09.93 |
| 72-73 | എൽ.എഫ്.ഇ3(1) 3960/74 /തീയതി 18.11.74 |
| 73-74 | എൽ.എഫ്.ഇ3(1) 6990/75 /തീയതി 11.01.75 |
| 74-75 | എൽ.എഫ്.ഇ3(1) 5821/76 /തീയതി 08.06.76 |
| 78-79 | എൽ.എഫ്.ടി.10- 1215/81/16.08.81 |
| 80-81 | എൽ.എഫ്.ടി.10- 695/82/17.09.82 |
| 81-82 | എൽ.എഫ്.ടി.10- 307/82/26.03.84 |
| 82-83 | എൽ.എഫ്.ടി.10- 356/85/06.06.85 |
| 84-85 | എൽ.എഫ്.ടി.10- 1196/87/02.12.85 |
| 85-86 | എൽ.എഫ്.ടി.10- 703/90/06.06.90 |
| 86-87, 87-88 | എൽ.എഫ്.ടി.10-906/90/24.09.90 |
| 88-89, 89-90 | എൽ.എഫ്.ടി.10- 1161/92/18.11.92 |
| 90-91 | എൽ.എഫ്.ടി.10- 1170/95/20.05.95 |
| 91-92 | എൽ.എഫ്.ടി.10- 1800/94/03.07.95 |
| 92-93, 93-94 | എൽ.എഫ്.ടി.10- 1800/93/20.11.93 |

| | |
|---|---|
| 96-97 | എൽ.എഫ്.ടി.10- 2138/95/20.08.96 |
| 97-98 | എൽ.എഫ്.ടി.10- 552/98/15.02.99 |
| 98-99 | എൽ.എഫ്.ടി.12- 997/98/15.02.99 |
| 99-2000, 2000-01, 01-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.10-1085/94/31.01.04/ 12.07.04 |
| 99-2000 | എൽ.എഫ്.ടി.10- 1480/07/31.01.04/12.07.04 |
| 00-01 | എൽ.എഫ്.ടി.10- 1479/31.01.04/12.07.04 |
| 01-02 | എൽ.എഫ്.ടി.10- 1478/31.01.04/12.07.04 |
| 02-03 | എൽ.എഫ്.ടി.10- 1477/07/02.08.08/03.10.08 |
| 03-04 | എൽ.എഫ്.ടി.10- 1468/08/28.05.10 |
| 04-05 | എൽ.എഫ്.ടി.10- 1469/28.05.10/30.07.10 |
| 05-06 | എൽ.എഫ്.ടി.10- 2288/09/21.01.11 |
| 06-07 | എൽ.എഫ്.ടി.10- 2288/09/21.01.11/02.07.11 |
| 07-08 | എൽ.എഫ്.ടി.(പി.4)-541/12 തീയതി 23.05.12 |
| 08-09 | എൽ.എഫ്.ടി.(പി.4)-542/12 തീയതി 23.05.12 |
| 09-10 | എൽ.എഫ്.ടി.(പി.4)-543/12 തീയതി 30.05.12 |
| 10-11 | എൽ.എഫ്.ടി.(പി.4)-544/12 തീയതി 02.06.12/06.08.12 |
| 11-12 | എൽ.എഫ്.ടി.(പി.4)-2037/13 തീയതി 13.03.14/07.04.14 |
| 12-13 | എൽ.എഫ്.ടി.(പി.4)-1902/14 തീയതി 07.04.15/03.06.15 |
| 2013-14 | നം.കെ.എസ്.എ.-ടി.എസ്.ആർ(പി4)1688/15 തീയതി 15/12/2015 |
| 2014-15 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)1156/16 തീയതി. 14-07-2016 |
| 2015-16 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)2038/16 തീയതി. 16-12-2016 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1655/2017 തീയതി: 24.11.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ടി.എസ്.ആർ(പി.4)000/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 00.00.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ